LIBRARY ARCHIVES Kerala Legislative Assembly

വനംവകുപ്പിലെ കേസ് നടത്തിപ്പ്

117 [1128] ശ്രീ. വി. ചെന്താമരാക്ഷൻ:
,, കെ. കെ. ജയചന്ദ്രൻ:
,, രാജു എബ്രഹാം :
,, മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ക്രമക്കേടും മറ്റും പുറത്തുകൊണ്ടുവരുന്ന ഉദ്യോഗസ്ഥർക്ക് നിരന്തര പീഡനമേൽക്കേണ്ടി വരുന്നുവെന്ന മുൻ വനംവകുപ്പ് സെക്രട്ടറിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) വനംവകുപ്പിന്റെ ദൈനംദിന ഭരണത്തിലും കേസുകളുടെ നടത്തിപ്പിലും ശുദ്ധീകരണമാവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) സർക്കാർ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് നൽകുന്നതിന് അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ സത്യവാങ്മൂലം ബോധിപ്പിച്ചതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പാലക്കാട്ടെ ഒരു വനം കേസിൽ സ്വകാര്യ വ്യക്തികൾക്ക് അനുകൂലമായി അഡ്വക്കേറ്റ് ജനറൽ തയ്യാറാക്കിയ സത്യവാങ്മൂലത്തിന് വിരുദ്ധമായി വനംവകുപ്പ് സത്യവാങ്മൂലം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; ഇത് സംബന്ധിച്ച കേസിൽ കോടതിവിധി എന്തായിരുന്നു; പ്രസ്തുത കോടതിവിധിയുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചുവരുന്നു.

വനം കേസുകളിലെ വിധിമൂലമുള്ള നഷ്ടം

118 [1129] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 മുതൽ സംസ്ഥാനത്തെ വിവിധ കോടതികളിലെ വനം കേസുകൾമൂലം നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ നഷ്ടം എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1130-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.